
## സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ കവടിയാർ

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-2026



Scanned with OKEN Scanner

# ഉള്ളടക്കം

ആമുഖം

സ്കൂൾ അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിലെ അക്കാദമിക പൊതുസ്ഥിതി

പൊതുലക്ഷ്യങ്ങൾ

പൊതു പ്രവർത്തനം

I. ജൈവ വൈവിധ്യ പാർക്ക്

II. പൂന്തോട്ട നിർമ്മാണം

III. നാടകാവിഷ്കാര സ്റ്റേജ് / ഓപ്പൺ എയർ ആഡിറ്റോറിയം നവീകരണം

IV.കോർണർ പി ടി എ

പാഠ്യപ്രവർത്തനങ്ങൾ

I. മലയാളം

II. ഇംഗ്ലീഷ്

III. ഹിന്ദി

IV.സംസ്കൃതം

V. അടിസ്ഥാന ശാസ്ത്രം

VI. സാമൂഹ്യ ശാസ്ത്രം

VII. ഗണിതം

Children With Special Need (CWSN)

ഉപസംഹാരം

Scanned with OKEN Scanner

# ആമുഖം

തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയിലുള്ള കവടിയാർ കൊട്ടാരത്തിനു സമീപത്ത് സ്ഥിതി ചെയ്യുന്ന സാൽവേഷൻ ആർമി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളാണ് കവടിയാർ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ.

ബ്രിട്ടീഷുകാരനായ ആർമിയുടെ ഉന്നതസ്ഥാനം വഹിക്കുന്ന ഒരു വ്യക്തിക്ക് മലയാളം പഠിക്കുന്നതിനു വേണ്ടി ആരംഭിച്ച സ്കൂളാണിത്. സാമുദായിക സംഘടനാ പ്രവർത്തനം, സാമൂഹിക പ്രവർത്തനം എന്നിവ വളരെ ശുഷ്കാന്തിയോടും സത്യസന്ധമായും നിർവ്വഹിച്ച് ജനങ്ങൾക്കിടയിൽ മാന്യമായൊരു സ്ഥാനം നേടിയെടുക്കുന്നതിന് ഈ വിദ്യാലയത്തിനു കഴിഞ്ഞു.

ലോകശ്രദ്ധ വളരെ വേഗം നേടിയ സാൽവേഷൻ ആർമി അഥവാ രക്ഷാസൈന്യത്തിന്റെ സ്ഥാപകൻ മഹാനായ വില്യം ബൂത്താണ്.

ഇംഗ്ലീഷ് സ്കൂളായി ആരംഭിച്ച സാൽവേഷൻ ആർമി ക്രമേണ ഹൈസ്കൂളായും ഹയർ സെക്കന്ററിയായും ഉയർത്തപ്പെട്ടു. ഒരു കാലത്ത് ആയിരക്കണക്കിന് വിദ്യാർത്ഥികൾ അഭ്യസനം നടത്തിയിരുന്ന മികച്ച സ്കൂളായിരുന്നു. അൺ എയിഡഡ് സ്കൂളിന്റെയും ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെയും കടന്നു കയറ്റം ഈ സ്കൂളിന്റെ കുട്ടികളുടെ എണ്ണത്തിൽ വളരെയധികം കുറവ് സംഭവിച്ചു. എന്നാൽ പരിമിതമായ ഭൗതിക സാഹചര്യത്തിൽ നിന്നുകൊണ്ട് പഠനനിലവാരം മെച്ചപ്പെടുത്തി പത്താം ക്ലാസിന് തുടർച്ചയായി നൂറ് ശതമാനം വിജയത്തിലെത്തിക്കാൻ സാധിച്ചു.

സാധാരണയിൽ സാധാരണക്കാരും വളരെ നിർധനരുമായ കുട്ടികളാണ് ഇവിടെ അധ്യയനം നടത്തുന്നത്. പ്രൈമറി തലത്തിൽ (അഞ്ചു മുതൽ ഏഴു വരെ ക്ലാസ്) ഓരോ ഡിവിഷനും ഹൈസ്കൂൾ (എട്ടു മുതൽ പത്തു വരെ) രണ്ട് ഡിവിഷൻ വീതവും ഹയർ സെക്കന്ററിയിൽ സയൻസിന് രണ്ട് ബാച്ചും കോമേഴ്സിന് ഒരു ബാച്ചുമുണ്ട്. പ്രൈമറിയിൽ മൂന്ന് അദ്ധ്യാപകരും ഹൈസ്കൂളിൽ പത്ത് അദ്ധ്യാപകരും ഹയർ സെക്കന്ററിയിൽ പതിനാറ് അദ്ധ്യാപകരും ഒരു ക്ലർക്കും മൂന്ന് ലാബ് അസിസ്റ്റന്റും രണ്ട് പ്യൂണും ഒരു എഫ്. റ്റി എം ഉണ്ട്. ഭിന്നശേഷിയുള്ള മുപ്പതോളം കുട്ടികളും ഒരു റിസോഴ്സ് ടിച്ചറും, ആയയും നിലവിലുണ്ട്. കുട്ടികളിൽ കായിക അഭിരുചി വളർത്തുന്നതിന് ഫുട്ബോൾ അക്കാദമിയും ക്രിക്കറ്റ് അക്കാദമിയും കരാട്ടെ ക്ലാസും പ്രവർത്തിക്കുന്നുണ്ട്.

30 ശതമാനം കുട്ടികളും വിവിധ ഹോമുകളിൽ നിന്നു വരുന്നവരാണ്. CWSN കുട്ടികൾക്ക് പ്രത്യേക സജ്ജമാക്കിയ അറ്റാച്ച്ഡ് ക്ലാസ്സ് റൂം ഉണ്ട്.



Scanned with OKEN Scanner

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| സ്കൂൾ കോഡ് | : | 43042 |
| സ്കൂളിന്റെ പേര് | : | സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ |
| മേൽവിലാസം | : | കവടിയാർ പി. ഒ , തിരുവനന്തപുരം |
| | | പിൻ കോഡ് 695003 |
| ഫോൺ | : | |
| ഇ മെയിൽ | : | sahsskowdiar@yahoo.com |
| വിദ്യാഭ്യാസ ജില്ലാ | : | തിരുവനന്തപുരം |
| ഉപജില്ല | : | തിരുവനന്തപുരം നോർത്ത് |
| തദ്ദേശ സ്വയംഭരണ സ്ഥാപനം | : | തിരുവനന്തപുരം കോർപറേഷൻ |
| ക്ലാസുകൾ | : | 5 മുതൽ 12 വരെ |
| മാനേജമെന്റ് | : | സാൽവേഷൻ ആർമി |
| മാധ്യമം | : | മലയാളം , ഇംഗ്ലീഷ് |

Scanned with OKEN Scanner

# വിദ്യാലയത്തിലെ അക്കാദമിക പൊതുസമിതി

| നമ്പർ | അധ്യാപകൻ | വിദ്യാഭ്യാസ യോഗ്യത | തസ്തിക | വിഷയം | സ്ഥലം | പെൻഷൻ വർഷം |
|---|---|---|---|---|---|---|
| 1 | പുഷ്പിത ബി | MSc. B.Ed | HM | കണക്ക് | പാറശാല | 2032 |
| 2 | നിത്യ ആർ | MA. BEd | HSA | സംസ്കൃതം | പോത്തൻകോട് | 2042 |
| 3 | അഞ്ജന എസ് എസ് | BA. BEd | HSA | ഇംഗ്ലീഷ് | പാറശാല | 2043 |
| 4 | വത്സമ്മ ചാക്കോ | MA. B.Ed | HSA | സോഷ്യൽ സയൻസ് | മാവേലിക്കര | 2026 |
| 5 | സിന്ധു എ എസ് | BSc. BEd | HSA | കണക്ക് | കേരളാദിത്യപുരം | 2030 |
| 6 | ജയരാജ് വി റ്റി | MA. BEd | HSA | മലയാളം | മണിമല | 2050 |
| 7 | സജീവ് കുമാർ ബി | MA. BEd PhD | HSA | ഹിന്ദി | കുണ്ടമൺഭാഗം | 2041 |
| 8 | ജയമോൾ തങ്കപ്പൻ | MSc. B.Ed | HSA | കെമിസ്ട്രി | മണിമല | 2053 |
| 9 | ബീന ജോസഫ് | BA. B.Ed | UPSA | ഹിസ്റ്ററി | പേരൂർക്കട | 2032 |
| 10 | സാറാമ്മ ജോൺ | BA. B.Ed | UPSA | ഹിസ്റ്ററി | തിരുവല്ല | 2026 |
| 11 | ഡെൻസി ജോൺ | MA. B.Ed | UPSA | ഇംഗ്ലീഷ് | ഏണിക്കര | 2051 |

Scanned with OKEN Scanner

## പൊതുലക്ഷ്യങ്ങൾ

1. വിദ്യാർത്ഥികളുടെ സമഗ്രമായയ വളർച്ച

2. പഠനം , മികവ് , അച്ചടക്കം എന്നിവ കൃത്യതയോടെ നടപ്പിലാക്കുക

3. വിദ്യാർത്ഥിയെക്കുറിച്ചുള്ള വിവരങ്ങൾ മനസിലാക്കുക

4.ഭാഷാ വിഷയങ്ങൾ അനായാസം കൈകാര്യം ചെയ്യുവാനുള്ള ശേഷി നേടുന്നതിനുള്ള പ്രവർത്ത നങ്ങൾ ചെയുകയും. ലഭിച്ചു എന്ന് ഉറപ്പുവരുത്ത ുകയും ചെയുക.

5.ശാസ്ത്രം, സാമൂഹ്യം, ഗണിതം തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ പരിജ്ഞ ാനം നേടുക.

6.ആ ധുനിയ സാങ്കേതിക വിദ്യയിൽ പരിജ്ഞ ാനം ഉറപ്പിക്കുക.

7.വ്യക്തിത്വ വികസനം ഉറപ്പാക്കുക.

8.സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്ത ുക.

9.കലാ കായിക രംഗങ്ങളിൽ മികച്ച പരിശീലനം ഉറപ്പാക്കുക.

10.ഹൈടെക് ക്ലാസുകൾ നിർമിക്കുക.

11. ഡിജിറ്റൽ ലൈബ്രറി, ആ ധുനിക ലാബുകൾ എന്നിവയുടെ പ്രവർത്ത നം മെച്ചപ്പെടുത്ത ുക.



Scanned with OKEN Scanner

# പൊതുപ്രവർത്തനം

## I. ജൈവവൈവിധ്യ പാർക്ക് /ശലഭോദ്യാനം

### ലക്ഷ്യം

കുട്ടികൾ പ്രകൃതിയോട് ഇണങ്ങി പ്രകൃതിയിൽ നിന്ന് പഠിക്കുക

### പ്രവർത്തനം

വിവിധതരത്തിലുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കുക. അവയ്ക്ക് പേരു നൽകുക. കുളം നിർമ്മിച്ച് വെള്ളത്തിൽ വളരുന്ന ജീവജാലങ്ങളെ നിരീക്ഷിക്കുക. അതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക.

### കാലയളവ്

രണ്ടു വർഷം

### പിന്തുണയും സാമ്പത്തികവും

പൂർവ്വവിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, RMSA, SSA.

### പ്രതീക്ഷിക്കുന്ന ചെലവ്

50,000/- രൂപ

## II. പൂന്തോട്ട നിർമ്മാണം

### ലക്ഷ്യം

വിദ്യാലയത്തെ പ്രകൃതിയോട് ഇണക്കി ആവാസ വ്യവസ്ഥ സംരക്ഷിക്കുക.

### പ്രവർത്തനം

സ്കൂളിന്റെ മുൻവശം പുല്ലുകളും പൂച്ചെടികളും വച്ചുപിടിപ്പിച്ച് മനോഹരമാക്കുക. മുറ്റം ഇന്റർലോക്ക് ചെയ്ത് സ്കൂൾ കമനീയമാക്കുക.

### കാലയളവ്

2 വർഷം



Scanned with OKEN Scanner

**പിന്തുണ**

പൂർവവിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, RMSA, SSA, MLA, MP പ്രാദേശിക വികസനഫണ്ട്.

**സാമ്പത്തികം**

2 ലക്ഷം

## III. നാടകാവിഷ്കാര സ്റ്റേജും ഓപ്പൺ എയർ ആഡിറ്റോറിയവും

**ലക്ഷ്യം**

കുട്ടികളെ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും നാടകാവിഷ്കാരത്തിനും അനുയോജ്യമായ സ്റ്റേജും ഓപ്പൺ എയർ ആഡിറ്റോറിയവും നിർമ്മിക്കുക.

**പ്രവർത്തനം**

കുട്ടികളെ കൊണ്ട് നാടകം രചിച്ച് സംവിധാനം നിർവഹിച്ച്, ആവിഷ്കരിച്ച് അവതരിപ്പിക്കു ന്നതിനുള്ള സ്റ്റേജ് നിർമ്മിക്കുക. കാണികൾക്ക് ഇരിക്കുന്നതിനുള്ള ആഡിറ്റോറിയം നിർമ്മിക്കുക.

**കാലയളവ്**

2 വർഷം

**സാമ്പത്തികം**

5 ലക്ഷം

**പിന്തുണ**

പൂർവ്വ വിദ്യാർത്ഥികൾ, MP, MLA, പ്രാദേശികവികസന ഫണ്ട്, RMSA, SSA, etc....

## IV. കോർണർ പി.റ്റി.എ

**ലക്ഷ്യം**

കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുകയും വികസിപ്പിക്കുകയും ചെയ്യുക. ഓരോ വിഷയത്തിലേയും അഭിനയ സാദ്ധ്യതയുള്ള ഭാഗം കണ്ടെത്തി അഭിനയത്തിനു യോഗ്യമാക്കുക.



Scanned with OKEN Scanner

## പ്രവർത്തനം

ഓരോ മാസവും ഏതെങ്കിലും ഒരു വിഷയത്തിലെ ഭാഗം കണ്ടെത്തി അഭിനയിച്ച് ഓരോ സ്ഥലങ്ങളിൽ പി ടി എ യുടെ സഹായത്തോടെ അവതരിപ്പിക്കുക.

## കാലയളവ്

ഒരു വർഷം

## സാമ്പത്തികം

20,000/-രൂപ

## പിന്തുണ

സ്റ്റാഫ്, പി ടി എ



Scanned with OKEN Scanner

# പ്രവർത്തനങ്ങൾ

## I. മലയാളം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (അക്ഷരക്കൂട്ടം), മികച്ച വായനക്കാരൻ (വായനത്തിളക്കം), മികച്ച എഴുത്തുകാരൻ (എഴുത്തുപ്പെട്ടി), സിനിമാ നിർമ്മാണം (ചിത്രക്കൂട്ട്)

### ലക്ഷ്യങ്ങൾ

1. എല്ലാവർക്കും എഴുത്തും വായനയും -
2. വായനത്തിളക്കം, അക്ഷരക്കൂട്ടം, എഴുത്തുപ്പെട്ടി, ചിത്രക്കൂട്ട്
3. അമ്മ വായന / ജന്മദിന പുസ്തകങ്ങൾ
4. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
5. വായനയുടെ വിവിധ തലങ്ങൾ
6. സാഹിത്യകാരന്മാരുമായുള്ള സംവാദം
7. എഴുത്തിന്റെ വിവിധ തലങ്ങൾ
8. ചിത്ര നിർമ്മാണം / ചിത്രവായന
9. പതിപ്പ് / മാഗസിൻ നിർമ്മാണം
10. ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുക
11. ഭാഷാശേഷി വികസനത്തിന് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക
12. നാടക കളരി
13. ലൈബ്രറി ശാക്തീകരണം



Scanned with OKEN Scanner

## അക്കാദമിക പ്ലാൻ - മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (അക്ഷരക്കൂട്ടം) | 1. മുന്നറിവ് പരിശോധന<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ നിർമ്മിക്കൽ<br>6. വാക്കുകൾ എഴുതിയ കാർഡ്<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. കഥ പറയൽ<br>9. കഥ എഴുതൽ<br>10. ചിത്രം - വായന<br>11. ചിത്രം - കഥ പറയൽ<br>12. കമ്പ്യൂട്ടർ, മൊബൈൽ - വായന<br>13. കഥാപുസ്തകം നൽകൽ<br>14. ഭാഷാപരമായി പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>15. ദിനാചരണങ്ങൾ | 2 മാസം (ആഗസ്റ്റ് - സെപ്റ്റംബർ - 2018) | കാർഡുകൾ<br>ചിത്രങ്ങൾ<br>പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ<br>മൊബൈൽ<br>പതിപ്പുകൾ | SRG<br>PTA<br>Trainer | 5000/- | |
| 2 | കുട്ടികളെ മികച്ച വായനക്കാരനാക്കുക (വായനത്തിളക്കം) | 1. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>2. വായനമൂല<br>3. വായനക്കൂട്ടം<br>4. വായന മത്സരം<br>5. പത്ര വായന<br>6. ഇ. വായന<br>7. വായന അനുഭവം<br>8. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>9. വായനക്കുറിപ്പ് | 3 മാസം (ഒക്ടോബർ - ഡിസംബർ - 2018) | ക്ലാസ് ലൈബ്രറി<br>സ്കൂൾ പുസ്തകം<br>കമ്പ്യൂട്ടർ<br>പത്രം<br>ആനുകാലിക പ്രസിദ്ധീകരണം | MPTA<br>PTA<br>Staff Council<br>SRG | 5000/- | |



Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | 10. അമ്മ വായന<br>11. പുസ്തക ചർച്ച<br>12. ആസ്വാദന ക്കുറിപ്പ്<br>13. ചിത്രവായന<br>14. സി.ഡി വായന | | | | | |
| 3<br><br>4 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുപ്പെട്ടി)<br><br>കുട്ടിയെ ചെറു ചിത്രീകരണവും സിനിമാ നിർമ്മാണത്തിനും പ്രാപ്തനാക്കുക (ചിത്രക്കൂട്) | 1. എഴുത്തുപ്പെട്ടി രൂപീകരണം<br>2. ചിത്രം വായിച്ച് കഥ എഴുതൽ<br>3. സമീപ ഗ്രന്ഥശാലാ അംഗത്വം<br>4. കവിതാവായന<br>5. ചെറുകവിത തയ്യാറാക്കൽ<br>6. പതിപ്പ് തയ്യാറാക്കൽ<br>7. വ്യക്തിഗത രചന<br>8. ഗ്രൂപ്പ് രചന<br>9. ബാലസഭ<br>10. അഭിമുഖം<br>11. നാടകരചന / വായന<br>12. നാടക അവതരണം<br>13. തിരക്കഥ തയ്യാറാക്കൽ<br>14. ചിത്രണം | 6 മാസം<br><br>1 വർഷം | ഗ്രന്ഥശാല<br>പുസ്തകങ്ങൾ<br><br>പുസ്തകങ്ങൾ<br>ക്യാമറ<br>മൊബൈൽ | SRG<br>PTA<br><br>PTA<br>MPTA<br>SSA<br>SRG | 10,000/-<br><br>50,000/- | |



Scanned with OKEN Scanner

# II. ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് നിർഭയമായി ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സ്വതന്ത്ര വായനയ്ക്ക് കുട്ടിയെ സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് കുട്ടിയെ പ്രാപ്തരാക്കുക
- സാങ്കേതിക സാദ്ധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- മുഴുവൻ കുട്ടികളെയും English Computing പരിശീലിപ്പിക്കുക

    - Arrange a School, class library
    - Give opportunities to express their ideas in English
    - Include simple stories, English newspaper at the first stage of their reading
    - Strengthen English club activities
    - Conduct assembly in English.
    - Script writing
    - Choreography
    - Prepare English Magazine
    - English drama clubs

## Activities

- ഇംഗ്ലീഷ് ഡയറി
- ഇംഗ്ലീഷ് ഫെസ്റ്റ്
- ഇംഗ്ലീഷ് മാഗസിൻ
- ഇംഗ്ലീഷ് വേഡ് പസ്സിൽ
- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്
- പ്രൊഫൈൽ തയ്യാറാക്കൽ
- ഇംഗ്ലീഷ് തിയേറ്റർ



Scanned with OKEN Scanner

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : **English Bulletin**

ഉപമേഖല : **Creative Writing**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ചു ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example:<br>June: Monsoon<br>July: Population<br>August: Freedom<br>Sept: Onam etc. | പ്രതിമാസ പരിപാടി | H.M.<br>English Teacher | 2000/- | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : **Spoken English class**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| സ്കൂളിലെ ഓരോ കുട്ടികളെയും ഉച്ചാരണ ശുദ്ധിയോടെയും അക്ഷര സ്ഫുടതയോടെയും ഇംഗ്ലീഷ് എഴുതാനും വായിക്കാനും പഠിപ്പിക്കൽ | ആഴ്ചയിൽ 2 ദിവസം പുറത്തു നിന്ന് വിദഗ്ദരായ അദ്ധ്യാപകരെ കണ്ടെത്തി ക്ലാസുകൾ കൈകാര്യം ചെയ്യിക്കണം. പ്രവർത്തനങ്ങൾ എല്ലാം ഇംഗ്ലീഷിൽ തന്നെ കുട്ടികളെക്കൊണ്ട് ചെയ്യിക്കണം | ആഴ്ചയിൽ രണ്ടു ദിവസം<br><br>ബുധൻ, വെള്ളി | H.M.<br><br>English Teacher<br><br>PTA | 3000/-<br><br>PTA | |



Scanned with OKEN Scanner

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കുക. തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | ഓരോ ദിവസം ക്ലാസിലും വിദ്യാലയത്തിലും ചുറ്റുപാടും നടക്കുന്ന സംഭവങ്ങൾ ചുരുക്കത്തിൽ ഡയറി എഴുതുക | ആഴ്ചയിൽ 5 ദിവസം | English Teacher | | |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : മാഗസിൻ നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ക്രിയാത്മക ശേഷി എല്ലാ കുട്ടികളിലും വളർത്തിയെടുക്കുക | മാഗസിനിൽ ഉൾപ്പെടുത്താൻ ആവശ്യമായ ആർട്ടിക്കിൾസ് കുട്ടികൾ ക്രിയാത്മകമായി ചിന്തിച്ച് ഇംഗ്ലീഷിൽ എഴുതിക്കൊണ്ട് വരുവാൻ ആവശ്യപ്പെടുക. ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക. | ജൂലൈ - ഡിസംബർ | English Teacher<br>H.M<br>PTA<br>SRG | 7000/- | |

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടിയെ എത്തിക്കൽ | ഓണാവധിക്കാലത്ത് 2 ദിവസവും ക്രിസ്മസ് അവധിക്കാലത്ത് 2 ദിവസവും ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുക. മുഴുവൻ കുട്ടികളെയും പ്രവർത്തനത്തിൽ പങ്കെടുപ്പിച്ച് ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | ഓണാവധി ക്കാലത്ത് 2 ദിവസവും ക്രിസ്മസ് അവധിക്കാലത്ത് 2 ദിവസവും | English Teacher<br>H.M<br>PTA<br>SRG<br>Convenor | 10000/- | |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് : പ്രൊഫൈൽ തയ്യാറാക്കൽ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | പ്രശസ്തരായ ഇംഗ്ലീഷ് എഴുത്തുകാരുടെ പ്രൊഫൈൽ നൽകൽ. സ്വന്തമായി പ്രൊഫൈലുകൾ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൽ | മാസത്തിൽ 2 വീതം | English Teacher | | |



Scanned with OKEN Scanner

പ്രവർത്തനം 7

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയേറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനുമുമ്പാകെ അവതരിപ്പിക്കൽ ഉദാ: Skit, Conversation, Drama etc. | പ്രതിമാസ പരിപാടി | H.M<br>English Teacher<br>SRG | 4000/-<br>PTA | |



Scanned with OKEN Scanner

# III. ഹിന്ദി

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക
- തെറ്റില്ലാതെ അനായാസം ഹിന്ദി എഴുതാനുള്ള ശേഷി നേടൽ
- ഹിന്ദി ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.
- ഹിന്ദിയിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ.
- വ്യാകരണ ശുദ്ധിയോടെ ഹിന്ദി പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ.
- എല്ലാകുട്ടികളും അവരുടെ ഭാവനയ്ക്കനുസരിച്ച് മാഗസിൻ തയ്യാറാക്കുക.

## പ്രവർത്തനങ്ങൾ

ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഹിന്ദിയിൽ സന്ദേശം നൽകൽ, ഓരോ ക്ലാസിനും ഇടവിട്ട് ചുമതല നൽകൽ. ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദിയിൽ ഡയറി എഴുതുക. പാഠപുസ്തകത്തിലെ ഹിന്ദി പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ, ഹിന്ദി നാടകം മുതലായവ.

ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ.

| | | |
|---|---|---|
| ജൂൺ | - | മൺസൂൺ |
| ജൂലൈ | - | ജനസംഖ്യ |
| ആഗസ്റ്റ് | - | സ്വാതന്ത്ര്യം |
| സെപ്തംബർ | - | ഓണം |

മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഹിന്ദി ഫെസ്റ്റ്. മുഴുവൻ പ്രവർത്തനങ്ങളും ഹിന്ദിയിൽ തന്നെ ചെയ്യൽ.

സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ.

3 മാസത്തിൽ ഒരു മാഗസിൻ ക്ലാസിലെ കുട്ടികൾ തയ്യാറാക്കുന്നു. അതുപോലെ ഓരോ കുട്ടിയും മാഗസിനുവേണ്ടി തയ്യാറാകണം. വിവരശേഖരണം നടത്തി ചിത്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കുക



Scanned with OKEN Scanner

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി അസംബ്ലി

ഉപമേഖല : ഹിന്ദി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഹിന്ദിയിൽ സന്ദേശം നൽകൽ, ഓരോ ക്ലാസിനും ഇടവിട്ട് ചുമതല നൽകൽ. | ആഴ്ചയിൽ രണ്ടു ദിവസം | Class Teacher | 1000/- | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഡയറി

ഉപമേഖല : ഹിന്ദി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഹിന്ദി എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദിയിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | Hindi Teacher | 1000/- | |



Scanned with OKEN Scanner

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി തിയറ്റർ

ഉപമേഖല : ഹിന്ദി ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഹിന്ദി ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഹിന്ദി പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ, ഹിന്ദി നാടകം മുതലായവ. | പ്രതിമാസ പരിപാടി | H.M<br>Hindi Teacher | 2000/-<br>&<br>PTA | |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ബുളളറ്റിൻ

ഉപമേഖല : ഹിന്ദി സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഹിന്ദിയിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ. | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ.<br>ഉദാഹരണം:<br>ജൂൺ - മൺസൂൺ<br>ജൂലൈ - ജനസംഖ്യ<br>ആഗസ്റ്റ് - സ്വാതന്ത്ര്യം<br>സെപ്തംബർ- ഓണം | 1 വർഷം | ടീച്ചർ | 2000/- | |



Scanned with OKEN Scanner

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഫെസ്റ്റ്

ഉപമേഖല : ഹിന്ദി പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഹിന്ദി പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഹിന്ദി ഫെസ്റ്റ്. മുഴുവൻ പ്രവർത്തനങ്ങളും ഹിന്ദിയിൽ തന്നെ ചെയ്യൽ. | 5 ദിവസം അവധി ക്കാലം | H.M<br>P T A President | 10000/- പ്രതിവർഷം സി.എസ്.ആർ ഫണ്ട് | |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് : ഹിന്ദിയിൽ കത്തെഴുത്ത്

ഉപമേഖല : ഹിന്ദി പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഹിന്ദി രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ. | മാസത്തിൽ ഒന്നു വീതം | Class Teacher | 10000/- പ്രതിവർഷം പി.ടി.എ ഫണ്ട് | |



Scanned with OKEN Scanner

പ്രവർത്തനം 7

പ്രവർത്തനത്തിന്റെ പേര് : മാഗസിൻ നിർമ്മാണം

ഉപമേഖല : ഹിന്ദി ഭാഷയെ വ്യാപിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| എല്ലാകുട്ടികളും അവരുടെ ഭാവനയ്ക്കനുസരിച്ച് മാഗസിൻ തയ്യാറാക്കുക. | 3 മാസത്തിൽ ഒരു മാഗസിൻ ക്ലാസിലെ കുട്ടികൾ തയ്യാറാക്കുന്നു. അതുപോലെ ഓരോ കുട്ടിയും മാഗസിനുവേണ്ടി തയ്യാറാകണം. വിവരശേഖരണം നടത്തി ചിത്രങ്ങളും ഉൾപ്പെടുത്തണം. | ഒരു മാസം | Hindi Teacher | 1000/- | |



Scanned with OKEN Scanner

# IV. സംസ്കൃതം

സംസ്കൃത ഭാഷാപഠനത്തിനും ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർത്തി ക്കൊണ്ട് വരുവാനുമായി സംസ്കൃതത്തിന്റെ മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

- സംസ്കൃതത്തെക്കുറിച്ച് കുട്ടികളെ മനസ്സിലാക്കിക്കുക.
- സംസ്കൃത സംഭാഷണം
- സംസ്കൃത സമിക്ഷാ
- സുഭാഷിത പഠനം
- കഥാകഥനം

## പ്രവർത്തനങ്ങൾ

- അക്ഷരപഠനം, വാക്കുകളുടെ കൂട്ടിവായന, അർത്ഥം മനസ്സിലാക്കൽ, ക്രിയാപദ പഠനം, ലകാര പഠനം, വാക്യ നിർമ്മാണം.
- വാക്കുകളുടെ പ്രയോഗം, സംഭാഷണം, വാക്കുകളുടെ ഉപയോഗം.
- സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പ്രാപ്തരാക്കുക.
- മുൻചോദ്യങ്ങൾ പരിചയപ്പെടുത്തുക, അതിനനുസരിച്ച് പരീക്ഷകൾ നടത്തുക.
- ഗുണപാഠ കഥകൾ പഠിപ്പിക്കുക, ചിത്രപുസ്തകങ്ങൾ, വീഡിയോകൾ എന്നിവ പ്രദർശിപ്പിക്കുക.



Scanned with OKEN Scanner

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | സരള സംസ്കൃതം (സംസ്കൃത ഭാഷാ പഠനം) | ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും ഭിന്നശേഷിയുള്ള കുട്ടികൾക്കും വേണ്ടി പ്രത്യേക ക്ലാസ്സ്<br><br>അക്ഷര പഠനം<br>വാക്കുകൾ കൂട്ടി വായന<br>അർത്ഥം മനസ്സിലാക്കൽ<br>ക്രിയാപദ പഠനം<br>ലകാര പഠനം<br>വാക്ക്യ നിർമ്മാണം | ജൂൺ - ജൂലൈ | സി.ഡി. പുസ്തകം ചാർട്ട് | Teacher<br><br>PTA | 250/- |
| 2 | വദതു സംസ്കൃതം (സംസ്കൃത സംഭാഷണം) | വാക്കുകളുടെ പ്രയോഗം സംഭാഷണം പ്രയോഗം | ആഗസ്റ്റ് - സെപ്തം ബർ | Youtube Video<br><br>ചിത്ര പ്രദർശനം | Teacher<br><br>SITC | |
| 3 | മാഗസിൻ തയ്യാറാക്കൽ | സംസ്കൃത ദിനത്തോടനുബന്ധിച്ച് | സംസ്കൃത ദിനം | | Sanskrit Club<br><br>Teacher | 100/- |
| 4 | സംസ്കൃത സമീക്ഷാ (മുന്നോക്കം നിൽക്കുന്നവർക്ക്) | സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നത്<br><br>ഓരോ ക്ലാസ്സിലേയും രണ്ട് കുട്ടികൾക്ക്<br><br>മുൻ ചോദ്യങ്ങൾ<br><br>പരീക്ഷകൾ | ഒക്ടോബർ നവംബർ, ഡിസംബർ | പഴയ ചോദ്യ പേപ്പർ, സി.ഡി. | Teacher<br><br>PTA | |
| 5 | സുഭാഷിത പഠനം | ധാർമ്മിക മൂല്യങ്ങൾ വളർത്തിയെടുക്കുവാൻ<br><br>നേർവഴി കാട്ടുവാൻ | ഒരു വർഷം ജൂൺ - മാർച്ച് | പുസ്തക ങ്ങൾ<br><br>സി.ഡി<br><br>Youtube Videos | ,, | |
| 6 | കഥാ കഥനം (ഗുണപാഠ കഥകൾ) | ഗുണപാഠ കഥകൾ പഠിപ്പിക്കുക | ജനുവരി - മാർച്ച് | ചിത്ര പുസ്തകം | ,, | |



Scanned with OKEN Scanner

# V. അടിസ്ഥാനശാസ്ത്രം

## ലക്ഷ്യങ്ങൾ

- പരിസ്ഥിതി സൗഹൃദ പഠനം വളർത്തുക
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധിപ്പിക്കുക
- ചുറ്റുപാടുള്ളവയെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുക.
- ജൈവമാലിന്യസംസ്കരണം വിദ്യാലയത്തിൽ. അജൈവ മാലിന്യ ശേഖരണം
- ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കൽ
- ശാസ്ത്രീയ വീക്ഷണവും നിരീക്ഷണപാടവും വർദ്ധിപ്പിക്കുക.

## പ്രവർത്തനങ്ങൾ

1.
   - ഹരിത സൗഹൃദ ക്യാമ്പ്
   - ശലഭോദ്യാനം
   - ജൈവകൃഷി
   - ഔഷധ സസ്യത്തോട്ടം.
   - ജൈവ വേലി

2.
   - ഡ്രൈഡേ ആചരണം
   - ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ
   - അജൈവ മാലിന്യ ബിന്നുകൾ സ്ഥാപിക്കൽ

3.
   - വിവിധതരം പോഷകാഹാര വിതരണം
   - മെഡിക്കൽ ക്യാമ്പ്
   - കൗൺസിലിംഗ്
   - ബോധവൽക്കരണ ക്ലാസ്
   - തെരുവു നാടകങ്ങൾ
   - ആരോഗ്യമാസിക തയ്യാറാക്കൽ
   - ചിത്ര പ്രദർശനം
   - റാലി

4.
   - സയൻസ് ലാബ് നവീകരണം
   - പരീക്ഷണം രൂപകല്പന ചെയ്യൽ - സ്കൂളിലും വീട്ടിലും
   - സയൻസ് ക്ലബ് പ്രവർത്തനങ്ങൾ.



Scanned with OKEN Scanner

- ശാസ്ത്രമേളകൾ
- സയൻസ് മാഗസിനുകൾ
- ആൽബം
- ശാസ്ത്രയാത്ര
- ശാസ്ത്രദിനാചരണങ്ങൾ ആചരിക്കൽ
- ക്വിസ്
- സെമിനാർ
- റാലി
- തെരുവു നാടകങ്ങൾ

## I. ഹരിത വിദ്യാലയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ പഠനം വളർത്തുക | ▪ ഹരിത സൗഹൃദ ക്യാമ്പ്<br>▪ ശലഭോദ്യാനം<br>▪ ജൈവകൃഷി<br>▪ ഔഷധ സസ്യത്തോട്ടം<br>▪ ജൈവ വേലി | 6 മാസം | SMC<br>PTA<br>പൂർവ്വ വിദ്യാർത്ഥികൾ | 2 ലക്ഷം | |

## II. ക്ലീൻ ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ജൈവമാലിന്യസംസ്കരണം വിദ്യാലയത്തിൽ.<br><br>അജൈവ മാലിന്യ ശേഖരണം | ▪ ഡ്രൈഡേ ആചരണം<br>▪ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ<br>▪ അജൈവ മാലിന്യ ബിന്നുകൾ സ്ഥാപിക്കൽ | 1 മാസം | Teachers<br>PTA<br>പൂർവ്വ വിദ്യാർത്ഥികൾ | 1 ലക്ഷം | |



Scanned with OKEN Scanner

## III. ആരോഗ്യ പരിപാലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കൽ | ▪ വിവിധതരം പോഷകാഹാര വിതരണം<br>▪ മെഡിക്കൽ ക്യാമ്പ്<br>▪ കൗൺസിലിംഗ്<br>▪ ബോധവൽക്കരണ ക്ലാസ്<br>▪ തെരുവു നാടകങ്ങൾ<br>▪ ആരോഗ്യമാസിക തയ്യാറാക്കൽ<br>▪ ചിത്ര പ്രദർശനം<br>▪ റാലി | ഓരോ ടേമിലും | Teachers<br>PTA<br>H.M.<br>JPHN<br>ആരോഗ്യ പ്രവർത്തകർ | 1 ലക്ഷം | |

## IV. ശാസ്ത്ര ചിന്ത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ശാസ്ത്രീയ വീക്ഷണവും നിരീക്ഷണപാടവും വർദ്ധിപ്പിക്കുക. | ▪ സയൻസ് ലാബ് നവീകരണം<br>▪ പരീക്ഷണം രൂപകല്പന ചെയ്യൽ – സ്കൂളിലും വീട്ടിലും<br>▪ സയൻസ് ക്ലബ് പ്രവർത്തനങ്ങൾ<br>▪ ശാസ്ത്രമേളകൾ<br>▪ സയൻസ് മാഗസിനുകൾ<br>▪ ആൽബം<br>▪ ശാസ്ത്രയാത്ര<br>▪ ശാസ്ത്രദിനാചരണങ്ങൾ ആചരിക്കൽ<br>▪ ക്വിസ്<br>▪ സെമിനാർ<br>▪ റാലി<br>▪ തെരുവു നാടകങ്ങൾ | എല്ലാ മാസവും | Teachers<br>PTA<br>H.M. | 1 ലക്ഷം | |



Scanned with OKEN Scanner

# IV. സാമൂഹ്യശാസ്ത്രം

## ലക്ഷ്യങ്ങൾ

1. ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ.
2. സാമൂഹ്യ ശാസ്ത്ര അറിവുകൾ വികസിപ്പിക്കൽ, ശേഖരിക്കൽ, പ്രദർശിപ്പിക്കൽ
3. സാമൂഹ്യ ശാസ്ത്ര പഠനം വിനോദപ്രദവും രസകരവുമാക്കുന്നതിന്
4. പ്രാദേശിക ഭൂപട നിർമ്മാണത്തിൽ പ്രാവീണ്യം നേടുന്നതിന്.
5. സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ലളിതവും രസകരവുമാക്കുന്നതിന്
6. സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ മേഖലകളിലേക്ക് പ്രവേശിപ്പിക്കൽ
7. പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന്
8. ദിനാചരണങ്ങളെകുറിച്ച് മനസിലാക്കാൻ ദേശസ്നേഹം സാമൂഹ്യ ശാസ്ത്രബോധം എന്നിവ വളർത്തുന്നതിന്

## പ്രവർത്തനങ്ങൾ

1. മോക്ക് പാർലമെന്റ്
2. ബുള്ളറ്റിൻ ബോർഡ്
3. ചരിത്ര നാടകം
4. ഭൂപട നിർമ്മാണം
5. സോഷ്യൽ സയൻസ് മാഗസിൻ
6. സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ
7. പഠനയാത്രകൾ
8. ദിനാചരണങ്ങൾ



Scanned with OKEN Scanner

## പ്രവർത്തനം 1

**പ്രവർത്തനത്തിന്റെ പേര് : മോക്ക് പാർലമെന്റ്**
**ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാൻ. | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ എന്നിവരെ തിരഞ്ഞെടുക്കുന്നത് നിയമസഭ/പാർലമെന്റ് തിരഞ്ഞെടുപ്പ് രീതിയിൽ ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പിലൂടെ നടത്തുന്നു. മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 1 വർഷം (2018-19) ജൂൺ മുതൽ മാർച്ച് വരെ. പാർലമെന്റ് സമ്മേളനം - 3. ജൂലൈ സെപ്തംബർ ഫെബ്രുവരി | S.S. Teacher<br>SRG | | |

## പ്രവർത്തനം 2

**പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്**
**ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകൾ വികസിപ്പിക്കൽ, ശേഖരിക്കൽ, പ്രദർശിപ്പിക്കൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസവും സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ കുട്ടികൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | 2018-19 ലെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും | S.S.<br>Club | പി.ടി.എ.<br>1000/- | |



Scanned with OKEN Scanner

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ചരിത്ര നാടകം
ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം വിനോദപ്രദവും രസകരവുമാക്കുന്നതിന് | 8,9,10 ക്ലാസുകളിലെ സാമൂഹ്യ ശാസ്ത്ര പുസ്തകത്തിൽ ചരിത്രവുമായി ബന്ധപ്പെട്ട് അഭിനയ സാദ്ധ്യതയുള്ള പാഠഭാഗങ്ങൾ കണ്ടെത്തി സ്ക്രിപ്റ്റ് തയ്യാറാക്കി നാടകം അവതരിപ്പിക്കുന്നു. | 2018 ആഗസ്റ്റ് (സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി) നവംബർ ജനുവരി | S.S. Club | പി.ടി.എ. 1000/- | |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : ഭൂപട നിർമ്മാണം
ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| പ്രാദേശിക ഭൂപട നിർമ്മാണത്തിൽ വൈദഗ്ദ്ധ്യം നേടാൻ | ഓരോ കുട്ടിയും അവരുടെ വില്ലേജിന്റെ ഭൂപടം നിർമ്മിക്കൽ. ജനപ്രതിനിധികളുടെയും അദ്ധ്യാപികയുടെയും ഐ.സി.റ്റി. സാദ്ധ്യതകളും ഇതിനായി പ്രയോജനപ്പെടുത്തുക | 2018 ജൂൺ മുതൽ സെപ്തംബർ വരെ (4 മാസം) | S.S. Club | പി.ടി.എ. | |



Scanned with OKEN Scanner

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : S.S. മാഗസിൻ

ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ലളിതവും രസകരവുമാക്കുന്നതിന് | ചരിത്രപുരുഷൻമാരുടെ ചിത്രങ്ങൾ, ലഘു ജീവിത ചരിത്രക്കുറിപ്പ്, സ്വതന്ത്ര സമര സേനാനികളുടെ ചിത്രങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങളുടെ ചിത്രങ്ങൾ, കെട്ടിടങ്ങളുടെ ചിത്രങ്ങൾ, ചരിത്ര പ്രാധാന്യമുള്ള ആരാധനാലയങ്ങളുടെ ചിത്രങ്ങൾ, സൗരയൂഥം, നദികൾ എന്നിവ ഉൾപ്പെടുത്തി മാഗസിനുകൾ നിർമ്മിക്കൽ | 2018 ജൂൺ മുതൽ 2019 ജനുവരി വരെ | S.S. Club<br>SRG<br>S.S. Teacher | 1500/-<br>പി.ടി.എ. | |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ

ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ മേഖലകളിലേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ, ഇയർ ബുക്കുകൾ, ജനറൽ നോളഡ്ജ് ബുക്കുകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ഉൾപ്പെടുത്തി സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | 2018 - 2019 ജൂലൈ മുതൽ ജനുവരി വരെ | S.S. Club | | |



Scanned with OKEN Scanner

പ്രവർത്തനം 7
പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ
ഉപമേഖല : സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, ചരിത്ര മ്യൂസിയം, ആർക്കിയോളജിക്കൽ മ്യൂസിയം തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | 2018 - 2019 രണ്ടു മാസം കൂടുമ്പോൾ ഒന്നു വീതം | SRG<br>PTA | PTA Sponsorship<br>20,000/- | |

പ്രവർത്തനം 8
പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ
ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ദിനാചരണങ്ങളെ കുറിച്ച് മനസിലാക്കാൻ ദേശസ്നേഹം സാമൂഹ്യ ശാസ്ത്രബോധം എന്നിവ വളർത്തുന്നതിന് | അസംബ്ലി കുറിപ്പുകൾ, പത്രവാർത്തകൾ, വീഡിയോ പ്രദർശനം എന്നിവയിലൂടെ ദിനാചരണങ്ങളെക്കുറിച്ചുള്ള അവബോധം നൽകൽ. അസംബ്ലിയിലും സ്കൂൾതല പ്രവർത്തനങ്ങളിലും CWSN ന്റെ പങ്കാളിത്തം ഉറപ്പാക്കുക. | 2018 - 2019 അധ്യയന വർഷത്തിലെ എല്ലാ ദിനാചരണങ്ങളും | R T<br>S.S Teacher | | |



Scanned with OKEN Scanner

# VII. ഗണിതം

## ലക്ഷ്യങ്ങൾ

- കണക്കിനെ കൂടുതൽ അറിയാൻ
- കണക്കിലെ അറിവുകളെ അപ്‌ലോഡ് ചെയ്യുക
- പ്രതിഭകളായ കുട്ടികൾക്ക് വിദഗ്ധ പരിശീലനം
- ഗണിതം - പ്രവർത്തനമാണ് എന്ന് മനസ്സിലാക്കാൻ
- ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ
- ഗണിത അറിവ് കൂടുന്നതിനും അറിവ് പ്രദർശിപ്പിക്കാൻ അവസരം.
- പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന്
- കണക്കിലെ ക്രിയകൾ വ്യത്യസ്ത രീതിയിൽ നൽകി ഉത്തരങ്ങളിലെത്തിച്ചേരുന്നതിനെ കുറിച്ചുള്ള ചർച്ച.
- രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും
- ഗണിതം മധുരമാക്കൽ
- ഗണിത രൂപങ്ങൾ ഉപയോഗിച്ച് ചിത്രരചനയിൽ പ്രാവീണ്യം നേടാൻ
- ചുമരുകളിൽ ചിത്രങ്ങൾ ഗണിതവുമായി ബന്ധപ്പെട്ട്
- അറിവിനെ ക്രോഡീകരിക്കാൻ - മാഗസിൻ
- ഗണിതാശയങ്ങൾ, ചതുഷ്ക്രിയകൾ
- ഗണിതബോധ പ്രവർത്തനം
- മാജിക് ബോർഡ്, കുസൃതിക്കണക്ക്
- മനക്കണക്ക്, അബാക്കസ്

## പ്രവർത്തനങ്ങൾ

- കണക്ക് ലൈബ്രറി കോർണർ
- ബുള്ളറ്റിൻ ബോർഡ്
- പ്രതിഭാപോഷണ പരിപാടി
- മേളകൾ
- പഠനയാത്ര
- ഡിബേറ്റ്
- ഗണിതലാബ്
- ഗണിതനാടകം
- ഒറിഗാമി ശില്പശാല
- ഗണിത പാർക്ക്



Scanned with OKEN Scanner

- ചിത്രരചനാ കളരി
- സർഗ്ഗച്ചുമർ
- ഗണിതമാഗസിൻ
- ഗണിതാശയങ്ങൾ, ചതുഷ്ക്രിയകൾ
- ഗണിതബോധം വളർത്തുക
- മാജിക് ബോർഡ്
- മനക്കണക്ക്, അബാക്കസ്

പ്രവർത്തനം 1

## കണക്ക് ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| കണക്കിനെ കൂടുതൽ അറിയാൻ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ ഉപയോഗിച്ച് വായന കോർണർ ഒരുക്കൽ, ഗണിത ശാസ്ത്രജ്ഞരുടെ പുസ്തകങ്ങൾ വായിപ്പിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | Maths Club | 5000/- | |

പ്രവർത്തനം 2

## ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| കണക്കിലെ അറിവുകളെ അപ്‌ലോഡ് ചെയ്യൽ | കുട്ടികൾക്ക് സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക | വർഷത്തിൽ ആവശ്യാനുസരണം | Club Activity | 2000/- | |



Scanned with OKEN Scanner

പ്രവർത്തനം 3

## പ്രതിഭാ പോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിതത്തിൽ പ്രതിഭകളായ കുട്ടികൾക്ക് വിദഗ്ധ പരിശീലന ക്ലാസുകൾ നൽകൽ | കണക്കിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി. ഒഴിവുദിവസങ്ങളിൽ സംഘടിപ്പിക്കുക | അവധി ദിവസം | PTA | 3000/- | |

പ്രവർത്തനം 4

## മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിതം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കാൻ | സ്കൂൾതല ഗണിത മേളയിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുക | വർഷത്തിൽ ഒരു തവണ | Maths Club | 10000/- CSR fund | |

പ്രവർത്തനം 5

## ഗണിതലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | Maths Club | 10000/- | |

പ്രവർത്തനം 6

## ഗണിതനാടകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| കുട്ടികൾക്ക് ഗണിത അറിവ് കൂട്ടുന്നതിന് അവരുടെ കഴിവുകളെ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | നാടകരൂപത്തിൽ അനുയോജ്യമായ പാഠഭാഗങ്ങൾ കണ്ടെത്തി സ്ക്രിപ്റ്റ് തയ്യാറാക്കി അവതരിപ്പിക്കൽ | പ്രതിമാസ പദ്ധതി | Maths Club | 5000/- | |



Scanned with OKEN Scanner

പ്രവർത്തനം 7

## പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കുന്നതിന് | ഗണിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ അറിയുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിലേക്ക് പഠനയാത്ര | വർഷത്തിൽ ഒരു തവണ | Maths Club | 10,000/- | |

പ്രവർത്തനം 8

## ഡിബേറ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| കണക്കിലെ ക്രിയകൾ വ്യത്യസ്ത രീതിയിൽ നൽകി ഉത്തരങ്ങളിലെത്തി ച്ചേരുന്നതിനെ കുറിച്ചുള്ള ചർച്ച. | സംവാദം സെമിനാർ ഡിബേറ്റ് | മാസത്തിൽ ഒന്നു വീതം | SRG | 1000/- | |

പ്രവർത്തനം 9

## ഒറിഗാമി ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ , പ്രദർശനം സംഘടിപ്പിക്കൽ | | | | |



Scanned with OKEN Scanner

പ്രവർത്തനം 10

## ഗണിതപാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കുക | ഒരു വർഷം | PTA<br>SSA | 10,000/- | |

പ്രവർത്തനം 11

## ചിത്രരചനക്കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിത രൂപങ്ങൾ ഉപയോഗിച്ച് ചിത്രരചനയിൽ പ്രാവീണ്യം നേടാൻ | അവധിസമയത്ത് ഗണിത രൂപങ്ങൾ മാത്രം ഉപയോഗപ്പെടുത്തി ചിത്രം വരയ്ക്കുക | അവധി ക്കാലത്ത് | SRG | 2,000/-<br>S.D.C | |

പ്രവർത്തനം 12

## സർഗ്ഗച്ചുമർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിതവുമായി ബന്ധപ്പെട്ട് ചുമരുകളിൽ ചിത്രങ്ങളും മറ്റു ഗണിത പ്രവർത്തനങ്ങളും നടത്തുക | സർഗ്ഗാത്മകമായ കുട്ടികളുടെ കഴിവുകളെ അവതരിപ്പിക്കാൻ അവസരമൊരുക്കുക | പ്രതിമാസം | Maths Club | 10,000/- | |



Scanned with OKEN Scanner

പ്രവർത്തനം 13

## ഗണിത മാഗസിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| കുട്ടികളുടെ അറിവിനെ ക്രോഡീകരിച്ച് ഗണിത മാഗസിൻ തയ്യാറാക്കൽ | കുട്ടികളുടെ സൃഷ്ടികളെ അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു | വർഷത്തിൽ ഒന്ന് | PTA Teacher SRG | 20,000/- | |

പ്രവർത്തനം 14

## ഗണിതാശയങ്ങൾ, ചതുഷ്ക്രിയകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിതാശയങ്ങൾ, ചതുഷ്ക്രിയകൾ എന്നിവ എല്ലാ കുട്ടികളിലും എത്തിക്കുക | വിവിധ തരത്തിലുള്ള ഗണിത ഉപകരണങ്ങൾ ഉപയോഗിച്ച് ചതുഷ്ക്രിയകൾ എത്തിക്കുന്നു | 1 മാസം | Maths Teacher | 500/- | |

പ്രവർത്തനം 15

## കുട്ടികളിൽ ഗണിതബോധം വളർത്തുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിതബോധം വളർത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | ഗണിതത്തിലെ നൂതന രീതിയിൽ പരിചയപ്പെടുത്തുന്നു. ജിയോജിബ്ര സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള ഗണിതപഠനം | പ്രവൃത്തി ദിവസം | Teacher H.M PTA | 500/- | |



Scanned with OKEN Scanner

പ്രവർത്തനം 16

## മാജിക് ബോർഡ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| മാജിക് ബോർഡ് മറ്റു അനുബന്ധ ഉപകരണങ്ങളും ഉപയോഗിച്ച് പഠനം രസകരമാക്കുക | കുസൃതിക്കണക്ക് ഗണിതസ്കിറ്റ് ഗണിത കളികൾ | പ്രവൃത്തി ദിവസം | Teacher<br>Maths Club | | |

പ്രവർത്തനം 17

## മനക്കണക്ക് പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| മനക്കണക്ക് കുട്ടികളെ പരിശീലിപ്പിക്കുക<br>അബാക്കസ് | ഗണികകാർഡ്, ചാർട്ട്, ജ്യോമട്രിക്കൽ രൂപങ്ങൾ ഇവ ഉപയോഗിച്ച് മനക്കണക്കുകൾ ചെയ്യാൻ കഴിവുകൾ സ്വായത്തമാക്കാൻ ശ്രമിക്കുക | ഒരു മാസത്തിൽ വീതം | Maths Teacher<br>Maths Club | 5000/- | |



Scanned with OKEN Scanner

# Master Plan for Children With Special Needs(CWSN)

# 2025-2026

## ലക്ഷ്യങ്ങൾ

- മാതൃഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന്.
- ഗണിത ക്രിയകൾ മെച്ചപ്പെടുത്തുന്നതിന്.
- ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്താൻ
- ഭിന്നശേഷി കുട്ടികളിൽ അവരുടെ പരിമിതികളെ മറികടന്നു പ്രവർത്തിക്കുന്നതിനുള്ള ശേഷി വർധിപ്പിക്കുക.
- അക്കാദമികമായ നിലവാരം മെച്ചപ്പെടുത്തുക.
- ഭിന്നശേഷി കുട്ടികളിൽ
    - ശാസ്ത്രബോധം വളർത്തുക
    - പ്രകൃതിയെ അടുത്തറിയുക
    - മാനസികോല്ലാസം
    - സമഗ്ര വളർച്ച.
- തൊഴിൽപരമായ നൈപുണ്യം വികസിപ്പിക്കുക
- രക്ഷാകർതൃ ബോധവത്കരണം
- ദേശസ്നേഹം, സാമൂഹ്യബോധം, മൂല്യങ്ങൾ എന്നിവ വളർത്തുക.

## പ്രവർത്തനങ്ങൾ

### പ്രവർത്തനം 1 മലയാളം

- ചിത്രവായന
- വായന
- വാക്കുകൾ നിർമിക്കൽ
- അടയാളങ്ങൾ ചേർത്ത് വാക്കുകൾ നിർമിക്കൽ
- ലഘു വാചകങ്ങൾ നിർമ്മിക്കൽ
- ആശയ വിനിമയം



Scanned with OKEN Scanner

- ❖ സംഭാഷണം
- ❖ കുറിപ്പുകൾ തയ്യാറാക്കൽ
- ❖ IEP പ്രവർത്തനങ്ങൾ
- ❖ പാഠപുസ്തകത്തിലെ അനുരൂപീകരണ പ്രവർത്തനങ്ങൾ

<u>പ്രവർത്തനം 2 - ഗണിതം</u>

- ❖ എണ്ണൽസംഖ്യകൾ തിരിച്ചറിയൽ
- ❖ സംഖ്യകൾ - അക്കത്തിലും അക്ഷരത്തിലും
- ❖ വിവിധ വസ്തുക്കൾ (ഉദാ: കല്ല്, മുത്ത്) വച്ചുള്ള സങ്കലന / വ്യവകലന ക്രിയകൾ
- ❖ IEP പ്രവർത്തനങ്ങൾ
- ❖ പാഠപുസ്തകത്തിലെ അനുരൂപീകരണ പ്രവർത്തനങ്ങൾ

<u>പ്രവർത്തനം 3 - മെഡിക്കൽ ക്യാമ്പ് സ്കൂൾതലം</u>

- ❖ വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്ക് സമഗ്രമായ വൈദ്യപരിശോധന നടത്തൽ

<u>പ്രവർത്തനം 4 - **Speech Therapy & Physio therapy**</u>

- ❖ ആഴ്ചയിൽ രണ്ടു ദിവസം ഒരു മണിക്കൂർ വീതം ഓരോ കുട്ടിക്കും (ആവശ്യമുള്ള കുട്ടികൾക്കുമാത്രം) Speech Therapy നൽകൽ.
- ❖ ആഴ്ചയിൽ രണ്ടു ദിവസം ഫിസിയോതെറാപ്പി ആവശ്യമുള്ള ഓരോ കുട്ടിക്കും ഫിസിയോതെറാപ്പി നൽകൽ.

<u>പ്രവർത്തനം 5 - **Remedial Teaching / Saturday classes**</u>

- ❖ CWSN ന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി റിസോഴ്സ് അദ്ധ്യാപിക മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരുമായി ചർച്ച ചെയ്ത് (SRG) വിവിധ അനുരൂപീകരണ പ്രവർത്തനങ്ങൾ നൽകുന്നു.

<u>പ്രവർത്തനം 6 - **Horticulture Therapy Garden**</u>

- CWSN ന് സ്വതന്ത്രമായി സഞ്ചരിക്കാൻ സാധിക്കുന്ന നിരപ്പായ സ്ഥലത്ത് ഗാർഡൻ ഒരുക്കൽ
    - നിലം ഒരുക്കൽ
    - ചെടി നടൽ, വളം ഇടൽ
    - സസ്യപരിപാലനം എന്നീ പ്രവർത്തനങ്ങൾ അദ്ധ്യാപകരുടെ സഹായത്തോടുകൂടി



Scanned with OKEN Scanner

## പ്രവർത്തനം 7 - Vacational Training Unit

❖ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം
  - പേപ്പർബാഗ് നിർമ്മാണം
  - എൻവലപ്പ് നിർമ്മാണം
  - ലോഷൻ നിർമ്മാണം
  - തയ്യൽ പരിശീലനം

## പ്രവർത്തനം 8 - Special PTA സജീവമാക്കൽ

❖ Special PTA കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ
❖ പഠനപുരോഗതി പരിശോധിക്കൽ
❖ മികവുകളുടെ അവതരണം
❖ പൊതു ചർച്ച, രക്ഷാകർത്തൃബോധവൽക്കരണ ക്ലാസ്സുകൾ

## പ്രവർത്തനം 9 - സാമൂഹ്യശാസ്ത്രം / ദിനാചരണങ്ങൾ

❖ പാഠപുസ്തകത്തിലെ അനുരൂപീകരണ പ്രവർത്തനങ്ങൾ
❖ ചിത്രരചന, അസംബ്ലി, കുറിപ്പുകൾ, പത്രവാർത്തകൾ, വീഡിയോ പ്രദർശനം എന്നിവയിലൂടെ ദിനാചരണങ്ങളെക്കുറിച്ച് അവബോധം നൽകൽ
❖ അസംബ്ലിയിലും സ്കൂൾതല പ്രവർത്തനങ്ങളിലും CWSN ന്റെ പങ്കാളിത്തം ഉറപ്പാക്കൽ

## പ്രവർത്തനം 10 - കലാവിദ്യാഭ്യാസം

❖ കുത്തുകൾ യോജിപ്പിച്ച് ചിത്രങ്ങൾ വരയ്ക്കുക
❖ അക്കങ്ങൾ ക്രമമായി ചേർത്തു വരച്ച് ചിത്രങ്ങൾ പൂർത്തിയാക്കുക
❖ ചിത്രരചന
❖ ചിത്രങ്ങൾക്ക് നിറം നൽകൽ
❖ ചിത്രങ്ങൾ വരച്ച് നിറം നൽകൽ



Scanned with OKEN Scanner

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : മാതൃഭാഷ

മേഖല / ഉപമേഖല : അക്കാദമികം / മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള ഭാഷ വായിക്കാനും എഴുതാനും പഠിപ്പിക്കുന്നതിന് | ❖ ചിത്രവായന<br>❖ വായന<br>❖ വാക്കുകൾ നിർമ്മിക്കൽ<br>❖ അടയാളങ്ങൾ ചേർന്ന് വരുന്ന വാക്കുകൾ നിർമ്മിക്കൽ<br>❖ ലഘുവാചകങ്ങൾ നിർമ്മിക്കൽ<br>❖ ആശയവിനിമയം<br>❖ സംഭാഷണം<br>❖ കുറിപ്പുകൾ തയ്യാറാക്കൽ<br>❖ IEP പ്രവർത്തനങ്ങൾ<br>❖ പാഠപുസ്തകത്തിലെ അനുരൂപീകരണ പ്രവർത്തനങ്ങൾ | 6 മാസം | റിസോഴ്സ് ടീച്ചർ<br><br>മലയാളം ടീച്ചർ | 1000 രൂപ (സ്പോൺസർഷിപ്പ്)<br><br>റിസോഴ്സ് ടീച്ചർ |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ഗണിതം

മേഖല / ഉപമേഖല : അക്കാദമികം / ലഘുക്രിയകൾ-സങ്കലനം, വ്യവകലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഘു ഗണിതക്രിയകളിൽ മെച്ചപ്പെടുത്തുന്നതിന് | ❖ എണ്ണൽസംഖ്യകൾ തിരിച്ചറിയൽ<br>❖ സംഖ്യകൾ - അക്കത്തിലും അക്ഷരത്തിലും<br>❖ കമ്പുകൾ, കല്ലുകൾ, മുത്തുകൾ വച്ചുള്ള സങ്കലന / വ്യവകലന ക്രിയകൾ<br>❖ ചിത്രങ്ങൾ വച്ചുള്ള സങ്കലന / വ്യവകലന ക്രിയകൾ | 3 മാസം | റിസോഴ്സ് ടീച്ചർ<br><br>ഗണിത അദ്ധ്യാപിക | 500 രൂപ (സ്പോൺസർഷിപ്പ്)<br><br>റിസോഴ്സ് ടീച്ചർ |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | ❖ IEP പ്രവർത്തനങ്ങൾ<br>❖ പാഠപുസ്തകത്തിലെ അനുരൂപീകരണ പ്രവർത്തനങ്ങൾ | | | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : **മെഡിക്കൽ ക്യാമ്പ് സ്കൂൾ തലത്തിൽ**

മേഖല / ഉപമേഖല : **അക്കാദമികം / ആരോഗ്യപരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്താൻ സ്കൂൾ തലത്തിൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്ക് സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | H.M.<br>PTA<br>SRG | Rs. 10000 /-<br>SSA<br>RMSA |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : **Speech Therapy Unit & Physio therapy Unit**

മേഖല / ഉപമേഖല : **അക്കാദമികം / ആരോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| CWSN കുട്ടികളിൽ സംസാരശേഷി മെച്ചപ്പെടുത്താൻ | ആഴ്ചയിൽ രണ്ടു ദിവസം ഒരു മണിക്കൂർ വീതം കുട്ടികൾക്കുSpeech Therapy നൽകൽ. | ഓരോ വർഷവും | H.M.<br>PTA<br>SRG | Rs. 50000 /-<br>SSA<br>RMSA |
| ശാരീരിക പരമിതികൾ മറികടക്കാനുള്ള ശേഷിയും മെച്ചപ്പെടുത്തുന്നതിന്. | ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾക്കു ഫിസിയോതെറാപ്പി നൽകൽ. | ഓരോ വർഷവും | H.M.<br>PTA<br>SRG | Rs. 50000 /-<br>SSA<br>RMSA |



Scanned with OKEN Scanner

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : **Remedial Teaching / Saturday Classes**

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന CWSN കുട്ടികൾക്ക് remedial teaching | CWSN ന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി റിസോഴ്സ് അധ്യാപിക മറ്റധ്യാപകരുമായി ചർച്ച ചെയ്ത് വിവിധ അനുരൂപീകരണ പ്രവർത്തനങ്ങൾ നൽകുന്നു. | ഒരു മാസത്തിൽ 3 ശനിയാഴ്ച കൾ വീതം | H.M. RT Special PTA | Rs. 1500 /- (സ്പോൺസർ ഷിപ്പ്) റിസോഴ്സ് ടീച്ചർ |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് : **Horticulture Therapy Garden**

മേഖല / ഉപമേഖല : അക്കാദമികം (ശാസ്ത്രപരം) / ആരോഗ്യപരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭിന്നശേഷിയുള്ള കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക<br><br>പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക<br><br>സർവ്വോത്മുഖമായ വികാസം മാനസികോല്ലാസം Fine Motor Development | CWSN ന് സ്വതന്ത്രമായി സഞ്ചരിക്കാൻ (വീൽ ചെയറിൽ ഇരുന്നു കൊണ്ടുതന്നെ) സൗകര്യമുള്ള സ്ഥലത്ത് ഗാർഡൻ ഒരുക്കൽ<br><br>അദ്ധ്യാപകരുടെ സഹായത്തോടുകൂടി നിലം ഒരുക്കൽ, ചെടി നടൽ, സസ്യപരിപാലനം എന്നീ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒരു പ്രാവശ്യം | H.M. RT SRG | Rs. 50000 /- SSA ~~RMSA~~ |



Scanned with OKEN Scanner

പ്രവർത്തനം 7

പ്രവർത്തനത്തിന്റെ പേര് : **Vacational Training Unit**

മേഖല / ഉപമേഖല : **അക്കാദമികം/ തൊഴിൽപരമായ പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭിന്നശേഷിയുള്ള കുട്ടികളുടെ തൊഴിൽപരമായ നൈപുണ്യം വികസിപ്പിക്കൽ | ❖ പേപ്പർബാഗ് നിർമ്മിക്കൽ<br>❖ എൻവലപ്പ് നിർമ്മാണം<br>❖ തയ്യൽ പരിശീലനം<br>❖ ലോഷൻ നിർമ്മാണം | ആഴ്ചയിൽ ഒരു ദിവസം | H.M.<br>RT<br>Special PTA | Rs. 10000 /-<br>(സ്പോൺസർ ഷിപ്പ്)<br>PTA |

പ്രവർത്തനം 8

പ്രവർത്തനത്തിന്റെ പേര് : **Special PTA സജീവമാക്കൽ**

മേഖല / ഉപമേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭിന്നശേഷിയുള്ള കുട്ടികളുടെ അക്കാദമികവും പെരുമാറ്റപരവുമായ പുരോഗതിയെക്കുറിച്ച് ചർച്ചാ വിലയിരുത്തൽ<br><br>രക്ഷാകർത്തൃ ബോധവൽക്കരണം | ❖ Special PTA കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ<br>❖ പഠനപുരോഗതി പരിശോധിക്കൽ<br>❖ മികവുകളുടെ അവതരണം<br>❖ പൊതു ചർച്ച<br>❖ രക്ഷാകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ / പ്രവർത്തനങ്ങൾ | പ്രതിമാസ പരിപാടി | H.M.<br>RT<br>Special PTA | |



Scanned with OKEN Scanner

പ്രവർത്തനം 9

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്രം / ദിനാചരണങ്ങൾ

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭിന്നശേഷിയുള്ള കുട്ടികളുടെ ദേശസ്നേഹം, സാമൂഹിക മൂല്യങ്ങൾ, സാമൂഹ്യശാസ്ത്ര ബോധം എന്നിവ വളർത്തുന്നതിന്<br><br>ദിനാചരണങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് | ❖ പാഠപുസ്തകത്തിലെ അനുരൂപീകരണ പ്രവർത്തനങ്ങൾ<br>❖ ചിത്രരചന, അസംബ്ലി, കുറിപ്പുകൾ, പത്രവാർത്തകൾ, വീഡിയോ പ്രദർശനം എന്നിവയിലൂടെ ദിനാചരണങ്ങളെക്കുറിച്ച് അവബോധം നൽകൽ<br>❖ അസംബ്ലിയിലും സ്കൂൾതല പ്രവർത്തനങ്ങളിലും CWSN ന്റെ പങ്കാളിത്തം ഉറപ്പാക്കൽ | ഓരോ അക്കാദമിക വർഷവും | റിസോഴ്സ് ടീച്ചർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപിക | Rs. 500/-<br>Sponsorship<br>RT |

പ്രവർത്തനം 10

പ്രവർത്തനത്തിന്റെ പേര് : കല

മേഖല / ഉപമേഖല : അക്കാദമികം / കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭിന്നശേഷിയുള്ള കുട്ടികളിലെ കലാപരമായ വാസനകളെ പരിപോഷിപ്പിക്കൽ | ❖ dots ലൂടെ ചിത്രങ്ങൾ വരയ്ക്കുക<br>❖ അക്കങ്ങൾ ക്രമമായി ചേർത്തുവരച്ച് ചിത്രങ്ങൾ പൂർത്തിയാക്കുക<br>❖ ചിത്രരചന<br>❖ ചിത്രങ്ങൾക്ക് നിറം കൊടുക്കൽ<br>❖ ചിത്രങ്ങൾ വരച്ച് നിറം നൽകൽ | Saturday Classes | HM<br><br>റിസോഴ്സ് ടീച്ചർ | Rs. 500/-<br>Sponsorship<br>RT |



Scanned with OKEN Scanner

# വെല്ലുവിളികൾ

തിരുവനന്തപുരം കവടിയാർ മധ്യത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ ആണെങ്കിലും അടിസ്ഥാന ഭൗതിക സാഹചര്യങ്ങളുടെ കുറവ് സ്കൂളിന് ഒരു വെല്ലുവിളിയാണ്. വലിയ രണ്ട് സ്കൂൾ ഗ്രൗണ്ടുകൾ ഉണ്ടെങ്കിലും കുട്ടികൾക്ക് വേണ്ടവിധത്തിൽ സ്പോർട്സ് വിഭാഗത്തിൽ പരിശീലനം ലഭിക്കാത്തതും, അത്യാധുനിക സൗകര്യങ്ങൾ ഇല്ലാത്തതും ഒരു പരിമിതിയാണ്. സ്കൂളിന്റെ പ്രവേശന ഭാഗം പ്രകൃതിരമണീയമാക്കുന്നതിന് പൂന്തോട്ടം നിർമിക്കേണ്ടതുണ്ട്. കലാ പരിപോഷണത്തിന് മനോഹരമായ ഒരു ഇൻഡോർ സ്റ്റേജും ഇന്റർലോക്ക് ചെയ്ത മുറ്റവും ആവശ്യമാണ്.

സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് സാധ്യതകൾ ഏറെയുണ്ട്. അതുകൊണ്ടുതന്നെ മാനേജ്മെന്റിന്റെയും പൂർവവിദ്യാർത്ഥികളുടെയും മറ്റ് സുമനസുകളുടെയും സഹായ സഹകരണത്തോടെ സ്കൂളിനെ ഉയർന്ന നിലവാരത്തിലാക്കുവാൻ സാധിക്കും എന്ന് കരുതുന്നു.

Scanned with OKEN Scanner

# ഉപസംഹാരം

അടുത്ത അഞ്ചുവർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണിത്. ഇതിലെ ഒരോ ഘട്ടത്തിലേക്കുമുള്ള പദ്ധതികൾ നിശ്ചിത വിഷയ ഗ്രൂപ്പുകൾ സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്തതാണ്. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് വിധേയമായാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

പിന്തുണ സഹായം, സാമ്പത്തികം എന്നിവ കൃത്യമായി വിനിയോഗിക്കുന്നുണ്ട്. ഏതു സ്രോതസ്സിലൂടെ പണം ലഭിച്ചാലും വികസന പദ്ധതിയിലുടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്.

ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവങ്ങൾ കണ്ടെത്തി അഞ്ചുവർഷം കൊണ്ട് വിദ്യാലയത്തെ എല്ലാ തരത്തിലും ലോക നിലവാരത്തിലെത്തിക്കുന്നതിനും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും ഉള്ള പരിശ്രമങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.



Scanned with OKEN Scanner

Scanned with OKEN Scanner